# 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

205/2014.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

## വിഷയനിർണ്ണയ സമിതി XIV

(ആഭ്യന്തരകാര്യങ്ങൾ)

(2013-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ

(വിഷയനിർണ്ണയ സമിതി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ (ബിൽ നമ്പർ 256), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ 2014 ജനുവരി 1-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2014 ജനുവരി 30-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു :

(1) നിയമ പ്രഖ്യാപന വാക്യത്തിൽ "അറുപത്തിനാലാം സംവത്സരത്തിൽ" എന്ന വാക്കുകൾക്കു പകരം "അറുപത്തിയഞ്ചാം സംവത്സരത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"(1) ഈ ആക്ടിന് 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.".

(3) 9-ാം ഖണ്ഡത്തിൽ,—

(i) (ബി) ഉപഖണ്ഡത്തിൽ "സംരക്ഷണത്തിനും" എന്ന വാക്കിന് ശേഷം "ശാക്തീകരണത്തിനും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (സി) ഉപഖണ്ഡത്തിൽ "ശ്രദ്ധയിൽ കൊണ്ടുവരുകയും" എന്ന വാക്കുകൾക്കുശേഷം "പരിഹാര നടപടികൾ നിർദ്ദേശിക്കുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (ജി) ഉപഖണ്ഡത്തിൽ "എന്നിവ നടത്തുക" എന്നീ വാക്കുകൾക്കു പകരം "എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

(4) 14-ാം ഖണ്ഡത്തിൽ, (ബി) ഉപഖണ്ഡത്തിലെ "അന്വേഷണത്തിൽ ആ വ്യക്തിയെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം, "അയാൾ അപേക്ഷയിൻമേൽ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ നടപടികൾ 'ഇൻ ക്യാമറ' ആയി നടത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉമ്മൻ ചാണ്ടി,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 ജനുവരി 30.

അനുബന്ധം

## വിയോജനക്കുറിപ്പ്

2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ താഴെപ്പറയുന്ന കാരണങ്ങളാൽ ഞങ്ങൾ വിയോജനം രേഖപ്പെടുത്തുന്നു:

1. ഖണ്ഡം 9 പ്രകാരം കമ്മീഷന് നൽകിയിരിക്കുന്ന അധികാരങ്ങളും ചുമതലകളും അനുസരിച്ച്, ന്യൂനപക്ഷക്ഷേമത്തിനും ഉന്നമനത്തിനുമായി ക്രിയാത്മകമായി ഒന്നും ചെയ്യാൻ അധികാരം നൽകിയിട്ടില്ല. കമ്മീഷനെ ഒരു നിരീക്ഷണ-വിലയിരുത്തൽ-ഉപദേശക സമിതിയായി മാത്രം വിഭാവനം ചെയ്തിരിക്കുന്നു.

2. ന്യൂനപക്ഷങ്ങൾക്ക് അവസരതുല്യതയെ കുറിച്ചുള്ള പരാതി പരിഹരിക്കാൻ ഉതകുന്ന നടപടി സ്വീകരിക്കാൻ അധികാരം നൽകിയിട്ടില്ല.

3. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവസരങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുന്നത് അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനല്ലാതെ നടപടിയെടുക്കാൻ അധികാരം നൽകിയിട്ടില്ല.

4. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങൾ പഠനവിധേയമാക്കി ശുപാർശ നല്കാനല്ലാതെ നടപടിയെടുക്കാൻ അധികാരപ്പെടുത്തിയിട്ടില്ല.

5. സാമൂഹികമായോ സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ ന്യൂനപക്ഷങ്ങൾ പിന്തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ അവകാശം അനുവദിച്ചിട്ടില്ല.

6. ഏതെങ്കിലും ന്യൂനപക്ഷ വിഭാഗങ്ങൾ മുഖ്യധാരയിൽ നിന്ന് പുറന്തള്ളപ്പെട്ടിട്ടുണ്ടെങ്കിലും അത് പരിഹരിക്കാനാവശ്യമായ അധികാരം കമ്മീഷന് നൽകിയിട്ടില്ല.

7. ന്യൂനപക്ഷ ജനവിഭാഗങ്ങളിൽ തന്നെ പിൻനിരയിൽ നില്ക്കുന്നവരെ ഉയർത്തിക്കൊണ്ടുവരാൻ കമ്മീഷന് ഒന്നും ചെയ്യാനാകില്ല.

8. തൊഴിൽപരമായ കാരണങ്ങളാൽ സാമൂഹികമായി പിന്നോക്കം പോയവരെ സംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാൻ കമ്മീഷന് അധികാരം ഏല്പിച്ചുനൽകിയിട്ടില്ല.

9. ആധുനിക തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം കുറവായിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിന് അത് പരിഹരിച്ചു നൽകാൻ കമ്മീഷന് സാധിക്കുകയില്ല.

10. ആധുനിക വിദ്യാഭ്യാസരംഗത്ത് പിന്തള്ളപ്പെട്ടിട്ടുള്ള ന്യൂനപക്ഷ സമുദായങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനായി പദ്ധതികൾ അവിഷ്ക്കരിക്കാൻ അധികാരമില്ല.

11. ജനസംഖ്യാനുപാതികമായി സാമ്പത്തികാധികാരം നേടാൻ ന്യൂനപക്ഷങ്ങളെ പ്രാപ്തരാക്കാൻ പദ്ധതികൾ നടപ്പിലാക്കാൻ അധികാരമില്ല.

12. ന്യൂനപക്ഷവിഭാഗങ്ങൾക്കിടയിൽ അധികമായുള്ള ബാല്യവിവാഹം പോലുള്ള അനാചാരങ്ങൾ ഇല്ലാതാക്കാൻ വിഭാവനം ചെയ്തിട്ടില്ല.

13. പാർപ്പിട-ആരോഗ്യ-സേവന മേഖലയിൽ അർഹമായ വിഹിതം ഉറപ്പാക്കാൻ കമ്മീഷന് അധികാരം ഏല്പിച്ചുനൽകിയിട്ടില്ല.

(1) കോടിയേരി ബാലകൃഷ്ണൻ (ഒപ്പ്)

(2) കെ. സുരേഷ് കുറുപ്പ് (ഒപ്പ്)

(3) മാത്യു റ്റി. തോമസ് (ഒപ്പ്)

തിരുവനന്തപുരം,

2014 ജനുവരി 30.